# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4699    26/10/2016 -ൽ മറുപടിക്ക്

## മാവേലിക്കര ഭരണിക്കാവ് കുടിവെള്ള പദ്ധതി

### ചോദ്യം

ശ്രീ. ആർ.രാജേഷ്

മാവേലിക്കര ഭരണിക്കാവ് കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; ഇത് പരിഹരിക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ?

### മറുപടി

മാത്യു ടി.തോമസ്
(ജലവിഭവ വകുപ്പമന്ത്രി)

ഉണ്ട്.

ഭരണിക്കാവ് കുടിവെള്ള പദ്ധതിയുടെ ഭാഗമായി പ്രായിക്കരയിൽ പൂർത്തീകരിച്ച ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും കുറത്തിക്കാട് ടാങ്കിലേക്കുള്ള പൈപ്പ് ലൈൻ ജോലികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. പ്രായിക്കര പാലത്തിൽ കൂടി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് കെ.എസ്.റ്റി.പി. അനുമതി ലഭിക്കാത്തതിനാൽ പുഴയിൽ കൂടി 200 മീ. നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കല്ലുമല പാലത്തിൽ കൂടി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് റെയിൽവേ അനുമതി ലഭ്യമായിട്ടില്ല. പ്രസ്തുത സ്ഥലം റെയിൽവേയുടെ നിർദ്ദിഷ്ട സബ് വേ നിർമ്മാണത്തിന് തെരഞ്ഞെടുത്തിട്ടുള്ളതിനാൽ സബ്‌വേ നിർമ്മാണം പൂർത്തിയായതിനു ശേഷം സ്ഥലലഭ്യതക്കനുസരിച്ച് മാത്രമേ റെയിൽവേ അനുമതി ലഭിക്കാൻ സാധ്യതയുള്ളൂ. സമാന്തരമായി പൈപ്പ് ലൈൻ ബ്രിഡ്ജ് സ്ഥാപിക്കുന്നതിനുള്ള മണ്ണ് പരിശോധന നടത്തുന്നതിലേക്കായി റെയിൽവേ യുടെ അനുമതിക്കായി 15/10/2016 ന് കേരള വാട്ടർ അതോറിറ്റി അപേക്ഷ നൽകിയിട്ടുണ്ട്. മേൽ അനുമതികൾ ലഭ്യമായാൽ മാത്രമേ കുറത്തിക്കാട് ടാങ്കിൽ ജലമെത്തിക്കുവാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ